ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) : സർ, പാലക്കാട് ആലത്തൂർ അസംബ്ലി മണ്ഡലത്തിൽപ്പെട്ട മംഗലം ഡാം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഈ ഡാമും പരിസരവും ജലസേചന വകുപ്പിന്റെ അധീനതയിലാണ്. ഇറിഗേഷൻ വകുപ്പ് ഡാം പരിസരത്തെ ടൂറിസം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ സമ്മതം അനിവാര്യമാണ്. പദ്ധതിയുടെ സാദ്ധ്യതാപഠനം നടത്താൻ പാലക്കാട് ഡി.ടി.പി.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇവിടെ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

(6) വടക്കാഞ്ചേരി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

ശ്രീ. വി. ബാലറാം : സർ, വടക്കാഞ്ചേരി താലൂക്ക് ആശുപത്രി മലയോരപ്രദേശവും ഭൂചലന മേഖലയുമൊക്കെയാണ്. താലൂക്കാസ്ഥാനവുമാണ്. 300-ഓളം രോഗികളാണ് ദിവസേന ആ ആശുപത്രിയിൽ എത്തുന്നത്. ഉച്ചയ്ക്കുശേഷം ഇപ്പോൾ ഒ.പി. വിഭാഗം പ്രവർത്തിക്കുന്നില്ല. നിർത്തിവച്ചിരിക്കുകയാണ്. ഗൈനക്കോളജിസ്റ്റും, ശിശുരോഗ വിദഗ്ദ്ധനും ഇല്ലാത്ത ഒരവസ്ഥയാണ്. 9 ഡോക്ടർമാരുടെ തസ്തികകളിൽ 5 പേർ മാത്രമാണ് ഇപ്പോൾ ഉള്ളത്. അതുകൊണ്ട് ഈ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, വടക്കാഞ്ചേരി താലൂക്ക് ആശുപത്രിയിൽ മൂന്ന് സിവിൽ സർജന്റെയും, അഞ്ച് അസിസ്റ്റന്റ് സർജന്റെയും ഒരു ദന്തൽ സർജന്റെയും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഒരു അസിസ്റ്റന്റ് സർജന്റെ ഒഴിവാണ് നിലവിലുള്ളത്. ഗൈനക്കോളജിസ്റ്റുമാരായ രണ്ടു ഡോക്ടർമാർ അവധിയിലാണ്. ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി കരാർ വ്യവസ്ഥയിൽ ഒരു ഡോക്ടറെയും, ചേലക്കര ഗവൺമെന്റ് ആശുപത്രിയിൽ നിന്ന് രണ്ട് ഡോക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിനു വേണ്ട നിർദ്ദേശം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ വളരെ പെട്ടെന്നുതന്നെ നടപടി സ്വീകരിക്കുന്നതാണ്.

(7) മോട്ടോർ വാഹന പണിമുടക്ക്

ശ്രീ. ടി.പി. രാമകൃഷ്ണൻ : സർ, ഭീമമായ ടാക്സ് വർദ്ധനവിനെതിരെ ഇന്നലെ അർദ്ധരാത്രി മുതൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകളിൽപ്പെട്ട മോട്ടോർ വാഹന തൊഴിലാളികളും ഉടമകളും പണിമുടക്കിലാണ്. ലോറി, മിനി ലോറി, ടാക്സി, ഗുഡ്സ് ഓട്ടോറിക്ഷാ, ടെമ്പോ, ടൂറിസ്റ്റ് ബസ്, ടാങ്കർ ലോറി എന്നിവയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

പണിമുടക്കിലാണ് സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., ബി.എം.എസ്., എസ്.ടി.യു., എച്ച്.എം.എസ്., യു.ടി.യു.സി., എന്നീ ട്രേഡ് യൂണിയൻ സംഘടനകളും, വാഹന ഉടമസ്ഥൻമാരുടെ സംഘടനകളുമാണ് പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുള്ളത്. മറ്റ് ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ വാഹനങ്ങൾക്ക് ചുമത്തിയ ടാക്സ് നേരത്തെതന്നെ കൂടുതലാണ്. ഒരുദാഹരണം 16,200 കെ.ജി. ലാഡൻ വെയിറ്റുള്ള സാധാരണ ലോറി-മൂന്നുമാസത്തേയ്ക്ക് അതിന് കേരളത്തിൽ നേരത്തെയുള്ള ടാക്സ് 3,300 രൂപയാണ് തമിഴ്നാട്ടിൽ 2,875 രൂപയാണ്. കർണ്ണാടക സംസ്ഥാനത്ത് 2,705 രൂപയാണ്. പോണ്ടിച്ചേരിയിൽ 2,000 രൂപയുമാണ്. വേറെയും ഉദാഹരണമുണ്ട്, സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. 1-7-2003 മുതൽക്കാണ് പുതിയ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഗുഡ്സ് ഓട്ടോറിക്ഷാ 975 കെ.ജി.ക്ക് നിലവിലുള്ള റേറ്റ് 800 രൂപയാണ്, പുതുക്കിയ റേറ്റ് 1,040 രൂപ ആണ്. 240 രൂപയുടെ വർദ്ധനവ്. ടെമ്പോ 3,875 കെ.ജി. നിലവിൽ 760 രൂപയാണ്, പുതുക്കിയത് 1,140 രൂപ. മിനി ലോറി 5,350 കെ.ജി., നിലവിൽ 1,100 രൂപ. ഇപ്പോൾ പുതുക്കിയത് 1650 രൂപ. ടാക്സി 1,160 കെ.ജി. നിലവിൽ 1,040 രൂപ പുതുക്കിയത് 1,440 രൂപ. ലോറി 16,300 കെ.ജി. 3,300 രൂപയ്ക്കു പകരം 4,950 രൂപ. ലോറി 25,000 കെ.ജി. 6,800 രൂപയാണ് നിലവിലുള്ളത്, അതിൽ 10,200 രൂപയായിട്ട് വർദ്ധിച്ചു. മോട്ടോർ വ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. പെട്രോളിന്റെയും, ഡീസലിന്റെയും വിലവർദ്ധനവ്, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ് സ്വകാര്യവൽക്കരണത്തിന്റെ ഫലമായിട്ടുള്ള ടോൾ പിരിവിലുള്ള വർദ്ധനവ്, ഇങ്ങനെ നാനാതരത്തിലുള്ള പ്രശ്നങ്ങൾ ഈ മേഖലയെ ബാധിക്കുന്നുണ്ട്. ടാക്സ് വർദ്ധനവ് മോട്ടോർ വ്യവസായത്തെ വൻ തകർച്ചയിലേയ്ക്ക് തള്ളിവിടുന്നു. ഈ രംഗത്ത് അഞ്ചുലക്ഷം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഓരോ വർഷവും വാഹനങ്ങളുടെ എണ്ണത്തിൽ 13 ശതമാനത്തിലധികം വർദ്ധനവ് ഉണ്ടാകുന്നുണ്ട്. വളരെ അടിയന്തിരമായി അതിന്റെ ഗൗരവസ്ഥിതി മനസ്സിലാക്കിക്കൊണ്ട് ബന്ധപ്പെട്ട.....

മി. സ്പീക്കർ : Are you concerned about the increase or about the strike ? വർദ്ധനയിലാണോ പ്രതിഷേധം, അതോ സമരം തീരണമെന്നുള്ളതാണോ പ്രശ്നം.

ശ്രീ. ടി. പി. രാമകൃഷ്ണൻ : ഇത് ജനങ്ങളെ ബാധിക്കുകയാണ്.

മി. സ്പീക്കർ : ഇപ്പോൾ സമരത്തിനുവേണ്ടിയല്ലല്ലോ, നിങ്ങൾ അതിന്റെ ഓണർക്കു വേണ്ടിയല്ലേ വാദിക്കുന്നത്. അപ്പോൾ ടാക്സ് കൂട്ടുന്നതിനെപ്പറ്റി ഇത്രയും വലിയ കാര്യമായിട്ട് പറയുന്നതെന്തിനാ ?

ശ്രീ. ടി. പി. രാമകൃഷ്ണൻ : ഓണർക്കുവേണ്ടിയല്ല, കേരളത്തിലെ വാഹനത്തിന്റെ നില എടുത്തുകഴിഞ്ഞാൽ ഒന്നോ, രണ്ടോ തൊഴിലാളികൾ ഒന്നിച്ചുചേർന്ന് ഇതുപോലുള്ള വാഹനങ്ങൾ നടത്തുന്നുണ്ട്. ഓട്ടോ ഗുഡ്സൊക്കെ ഇതുപോലുള്ള സാധാരണ തൊഴിലാളികളാണ് നടത്തുന്നത്. അതുകൊണ്ട് അവർക്കാർക്കും ഇത് താങ്ങാൻ കഴിയില്ല എന്നുള്ളതാണ് സ്ഥിതി. ഇതിന്റെയൊക്കെ ഭാഗമായിട്ട് ചരക്ക് ഗതാഗതം സ്തംഭിച്ചിട്ടുണ്ട്. ഗ്യാസ്, പെട്രോൾ, ഡീസൽ,

LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറി മറ്റ് അത്യാവശ്യ സാധനങ്ങൾ ഇവയൊക്കെ കൊണ്ടുവരുന്നതിനെയെല്ലാം ഇത് ബാധിച്ചിരിക്കുകയാണ്. ഇവിടെ തന്നെ ഇന്നത്തെ ഒരു പത്ര വാർത്തയിൽ പറഞ്ഞിട്ടുള്ളത് ഒരുദിവസം 650 കോടി രൂപ മുതൽ 700 കോടി രൂപവരെ ഈ സംസ്ഥാനത്തിന് വരുമാനത്തിൽ കുറവുണ്ടാക്കും എന്നാണ്. അതുകൊണ്ട് ഈ ടാക്സ് വർദ്ധനവിന്റെ ഫലമായി ടാക്സ് കുറഞ്ഞ സംസ്ഥാനത്തിലേക്ക് രജിസ്ട്രേഷൻ മാറി പോകുകയാണ്. നാഗലാന്റ്, അതുപോലുള്ള മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് നമ്മുടെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യേണ്ടുന്ന വാഹനങ്ങൾ രജിസ്ട്രേഷൻ മാറി പോകുകയാണ്. അതും കേരളത്തിന്റെ വരുമാനത്തെ ബാധിക്കുകയാണ്. ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് ബന്ധപ്പെട്ട സംഘടനകളുമായി കൂടിയാലോചിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള) : സർ, ഇത് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയെ മാത്രം ബാധിക്കുന്ന കാര്യമല്ല. സംസ്ഥാനത്തെ മൊത്തം ബാധിക്കുന്ന കാര്യമാണ്. ഇവിടെ ടാക്സ് എല്ലാ ഗവൺമെന്റുകൾ ഭരിക്കുമ്പോഴും വർദ്ധിപ്പിച്ചിട്ടുണ്ട് ; അവസാനമായി വാഹനങ്ങൾക്ക് ടാക്സ് വർദ്ധിപ്പിച്ചത് കഴിഞ്ഞ ഗവൺമെന്റ് ഭരിക്കുന്ന കാലഘട്ടത്തിൽ, 1996 അവസാനം 1997, 1998 മൂന്നു കൊല്ലവും ടാക്സ് വർദ്ധിപ്പിച്ചു. ഈ ഗവൺമെൻറ് വരുന്നതിനു മുമ്പുതന്നെ, അഞ്ചുകൊല്ലം ആറു കൊല്ലമായി ഒരു ടാക്സ് വർദ്ധനവും കേരളത്തിലില്ല. സംസ്ഥാനത്തിന്റെ പുറത്തുള്ള മറ്റു സംസ്ഥാനങ്ങളിൽ കേരളത്തേക്കാൾ ഈ പറഞ്ഞതിലും വളരെ വലിയ ടാക്സാണ്. ആന്ധ്രയിലൊക്കെ ഇവിടത്തേതിന്റെ മൂന്നിരട്ടി ടാക്സാണ്. കേരളത്തിൽ ചെറിയ വ്യത്യാസം. തമിഴ്നാടുമായി പല കാരണങ്ങളിലും നമ്മൾ അവരേക്കാൾ കൂറവാണ്. സർ, വർദ്ധനവെന്നുപറയുന്നത്, നമ്മൾ പാസ്സാക്കിയ നിയമം അനുസരിച്ച് 50 ശതമാനം വർദ്ധിപ്പിക്കാനുള്ള അവകാശമുണ്ട്. സർ, ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എനിക്കറിയാം. പത്രങ്ങളിലൊക്കെ വന്നതാണ്. 11-ാം തീയതി ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ തൽക്കാലം 25 ശതമാനം വർദ്ധനവ് കൊടുത്ത് ടാക്സ് ഒടുക്കിയാൽ മതി. കേസ് മൂന്നു മാസത്തിനകം കേട്ട് അടുത്ത കാർട്ടർ ആകുമ്പോഴേയ്ക്കും ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാമെന്ന് ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ഗവൺമെന്റ് നിർദ്ദേശം മിനിഞ്ഞാന്ന് തന്നെ ആർ.ടി.ഒ.മാർക്ക് നൽകിക്കഴിഞ്ഞു. 50 ശതമാനമെന്നുള്ളത് 25 ശതമാനം മാത്രമേ വാങ്ങുന്നുള്ളൂ. അത്ര വലിയ പ്രശ്നമില്ല. ഒരു കാര്യത്തിൽ വളരെ സന്തോഷമുണ്ട്. ആരും കുറ്റപ്പെടുത്തരുത്. മുതലാളിയും തൊഴിലാളിയും കൂടെചേർന്ന് ഒരു സമരം സംഘടിപ്പിച്ചു എന്നുള്ളത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. നല്ല കാര്യമാണ്. ശ്രീ. രാജേന്ദ്രനോട് ഒരു കാര്യം പറയാം. നമ്മളൊക്കെ പൊതുപ്രവർത്തകരാണ്. ടാക്സ് കൂട്ടാൻ പാടില്ല, ഒരു ടാക്സും വാങ്ങരുത്, അവകാശങ്ങളും ആനുകൂല്യങ്ങളും എല്ലാം വർദ്ധിപ്പിക്കുകയും വേണമെന്ന നിലപാട് നമ്മൾ എടുക്കരുത്. ഞാൻ ഒന്നുപറഞ്ഞുകൊള്ളട്ടെ, ശ്രീ. ബാലനെ ഞാൻ കുറ്റപ്പെടുത്തുകയല്ല. നമുക്ക് എന്തെങ്കിലും ഒരു സോഴ്സ് വേണ്ടേ ? വാങ്ങാവുന്നിടത്തു നിന്നേ വാങ്ങാൻ ഒക്കൂ, പാവപ്പെട്ടവന്റെ അടുത്തുപോയി

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് വാങ്ങാൻ സാധിക്കുകയില്ല. തൊട്ട് അടുത്ത സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകവും ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ— മറ്റൊന്നുകൂടി ഞാൻ പറയട്ടെ അയ്യായിരം വണ്ടികൾ കേരളത്തിന്റെ ശ്രമഫലമായി തമിഴ്നാട്ടിലേയ്ക്ക് ഒരു ടാക്സുമില്ലാതെ ഓടുകയാണ്. അഡീഷണൽ ടാക്സ് ഇല്ലാതെ, കുറഞ്ഞ ടാക്സിന് വണ്ടി തമിഴ്നാട്ടുകാർ രജിസ്റ്റർ ചെയ്തിട്ട്, അങ്ങ് കാണുന്നുണ്ട്, ഈ തമിഴ്നാട്ടുകാർ നാഷണൽ പെർമിറ്റ് എടുത്ത ആ വണ്ടികൾ ഇൻഡ്യ ഒട്ടാകെയും തമിഴ്നാട്ടിലേയ്ക്കും കർണ്ണാടകത്തിലേയ്ക്കും കുറഞ്ഞ ടാക്സിൽ ഓടുകയാണ്. തൊട്ടടുത്ത സംസ്ഥാനങ്ങളുടേതിൽ തുല്യമായി ടാക്സ് വർദ്ധിപ്പിച്ചാൽ എന്താണ് തകരാറെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ ചർച്ച ചെയ്യാൻ എനിക്ക് വിരോധമില്ല. ഞാൻ ഇപ്പോൾ വാശിപിടിക്കയൊന്നുമല്ല. എനിക്ക് ഇക്കാര്യത്തിലൊന്നും വാശിയില്ല. എല്ലാ ഒരു കൊല്ലം, രണ്ടു കൊല്ലം കൂടുമ്പോഴേയ്ക്കും Budget-ൽ കൂടി ടാക്സ് വർദ്ധിപ്പിക്കുന്ന ഒരു സംസ്ഥാനം, കഴിഞ്ഞ ആറു കൊല്ലമായി ഒരു പൈസ ടാക്സ് വർദ്ധിപ്പിച്ചിട്ടില്ല. ഈ വർദ്ധനവ് ന്യായമാണ് എന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. എന്തെങ്കിലും തെറ്റുണ്ടെങ്കിൽ കോടതി പരിശോധിക്കും. സർ ഓട്ടോറിക്ഷയെ ഒഴിവാക്കി, ടൂവീലറിനെ ഒഴിവാക്കി, അതിനൊക്കെയാണ് ഏറ്റവും കൂടുതൽ ടാക്സ് വരുന്നത്. ഇവിടെയുണ്ടെന്ന് പറയുന്നത് ലോറിയും ടൂറിസ്റ്റ് വണ്ടിയുമാണ്. ഈ ടൂറിസ്റ്റ് വണ്ടിക്ക് മറ്റ് അടുത്ത സംസ്ഥാനങ്ങളിൽ—അവർ കൊണ്ടുവന്ന് കാണിക്കുന്ന കണക്കുകൾ ശരിയല്ല. ഞാൻ അത് പരിശോധിച്ചു, സർ, 34 ആളുകൾ കയറുന്ന ടൂറിസ്റ്റ് വണ്ടിക്ക് കർണ്ണാടകത്തിൽ ഇപ്പോൾ ഉള്ളതിനേക്കാൾ കുറച്ച് ടാക്സാണ് കേരളത്തിൽ നമ്മൾ നിശ്ചയിച്ചിരിക്കുന്നത്. തമിഴ്നാട്ടിലെ സ്ഥിതി അതാണ്. ഓരോന്നും എടുത്ത് ഞാൻ പറയുന്നില്ല, അതുകൊണ്ട് ആറു കൊല്ലത്തിനിടയ്ക്ക് ഇപ്പോഴാണ് ആദ്യമായി വർദ്ധിപ്പിച്ചത്. ഇനി ഒന്നുകൂടിയുണ്ട്. അദ്ദേഹം നാഗാലാന്റ് വണ്ടിയെക്കുറിച്ച് പറഞ്ഞു, അങ്ങ് അറിയാൻവേണ്ടി പറയുകയാണ്. നാഗാലാന്റ് കാണിച്ച കുഴപ്പംമൂലം ഇനി അത് ഒന്നും ചെയ്യാൻ പാടില്ലായെന്ന് തീരുമാനിക്കുകയും ഏതാണ്ട് ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും ഒരേ ടാക്സിലേയ്ക്ക് വരണമെന്നുമുള്ള ധാരണയിലാണ് എല്ലാ സംസ്ഥാനങ്ങളും നിൽക്കുന്നത്. അപ്പോൾ നമ്മളും അതിന്റെ കൂടെ നിന്നേ പറ്റൂ. അതുകൊണ്ട് സംസ്ഥാനങ്ങളുടെ ടാക്സ് ഏകീകരണം നടക്കുന്ന ഒരു കാലഘട്ടത്തിൽ കേരളത്തിന് മാത്രം പിടിച്ചു നിൽക്കാൻ പറ്റുകയില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയാം. വളരെ വാശിയായി നിൽക്കുകയാണെങ്കിൽ ബദൽ സംവിധാനം ഏർപ്പെടുത്തി ജനങ്ങൾക്ക് പച്ചക്കറികളും മറ്റും എത്തിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. വിലക്കയറ്റം ഉണ്ടാകാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. അത് ഇനിയും സ്വീകരിക്കും. പിന്നെ ആരോട് വേണമെങ്കിലും ചർച്ച ചെയ്യാം. ഇന്നലെ ബഹുമാന്യനായ ഒരു വ്യക്തി എന്നെ വിളിച്ചു പറഞ്ഞു, ഞാൻ അവരോട് ചർച്ച ചെയ്യുന്നതിന് ഒരു വിരോധവുമില്ലെന്ന് പറഞ്ഞു. അവർ സമരം തുടങ്ങിയത് നമ്മളോട് ചോദിച്ചുകൊണ്ടല്ല. അവർക്ക് എപ്പോൾ വേണമെങ്കിലും ഗവൺമെന്റിനെ സമീപിക്കാം. ഗവൺമെന്റ് ഏത് ന്യായമായ കാര്യങ്ങളും ചെയ്യും. കോടതി തീരുമാനിക്കുന്നതനുസരിച്ച് നടപടി എടുക്കുന്നതിന് ഒരു വിരോധവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഹൈക്കോടതിയുടെ ഡയറക്ഷന് എതിരായിട്ടാണ് അവർ സമരം ചെയ്യുന്നത്. ഹൈക്കോടതി പറഞ്ഞിട്ടുണ്ടല്ലോ, ഇന്ന് 14-ാം തീയതി സമരം ചെയ്യാൻ പാടില്ലായെന്ന് !

ശ്രീ. ആർ. ബാലകൃഷ്പിള്ള : ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. സമരം ചെയ്താൽ ഒരു ടാക്സ് ഇളവും അവർക്ക് കൊടുക്കരുതെന്ന്, ഞാൻ അത് വായിക്കണമോ ?

മി. സ്പീക്കർ : ഓർഡർ, ഓർഡർ,

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അദ്ദേഹം പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്.

Mr. Speaker : Now it is before the Highcourt. Now the issue is before the HighCourt. Yes.....Yes..... Presentation of Report.....Presentation of Report. ലോറിക്കാർക്കുവേണ്ടിയാണ് നിങ്ങൾ പറയുന്നതെന്ന് ആളുകൾ തെറ്റിദ്ധരിക്കും. യേസ് പ്രസന്റേഷൻ ഓഫ് റിപ്പോർട്ട്, യേസ്, യേസ്. യേസ്, എനിക്ക് മനസ്സിലാകുന്നില്ല. ടാക്സ് വർദ്ധനവിൽ എന്തിനാണ് തൊഴിലാളികൾ സമരം ചേയ്യുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞങ്ങൾ നോട്ടീസ് നൽകിയതാണ്. വളരെ പ്രധാനപ്പെട്ട വിഷയമല്ലേ ?

ശ്രീ. ആർ. ബാലകൃഷ്പിള്ള : കോടതി പറഞ്ഞാൽ ഗവൺമെന്റിന് കേൾക്കാതിരിക്കാൻ പറ്റുമോ ? കോടതി പറഞ്ഞാൽ എക്സിക്യൂട്ടീവിന് കേൾക്കാതിരിക്കാൻ പറ്റുമോ ? കോടതി 25 ശതമാനം പിരിച്ചാൽ മതിയെന്നു പറഞ്ഞു. ഗവൺമെന്റ് അതനുസരിച്ച് തീരുമാനമെടുത്തു, ആർ.ടി.ഒ. മാരോട് 25 ശതമാനം പിരിച്ചാൽ മതിയെന്ന് പറഞ്ഞു, ചർച്ച ആരുമായും എപ്പോഴും എവിടെവച്ചും ആകാം. അതിന് ഒരു കുഴപ്പവുമില്ല.

ശ്രീ. കെ. പി.രാജേന്ദ്രൻ : ഒരു ഡേറ്റ് പറയണം സർ,

ശ്രീ. ആർ. ബാലകൃഷ്പിള്ള : അവർ ബന്ധപ്പെടണം, അവർ ബന്ധപ്പെടട്ടെ,

V റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 14-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, കാര്യോപദേശക സമിതിയുടെ പതിനാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly